# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്.

**(ഹാജർ : കെ. സജീവ് കർത്താ)**

RCS/09/2025-EB(1) തിരുവനന്തപുരം, തീയതി : 22.03.2025

website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് – ജീവനക്കാര്യം – സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:
1. ജി.ഒ (പി)നം.85/2011/ഫിൻ, തീയതി 26.02.2011.
2. ജി.ഒ (പി)നം.143/2011/ഫിൻ, തീയതി 30.03.2011.
3. ജി.ഒ (പി)നം.7/2016/ഫിൻ, തീയതി 20.01.2016.
4. സർക്കാരിന്റെ 17.03.2025-ലെ സ.ഉ.(സാധാ) നമ്പർ 144/2025/സഹ നമ്പർ ഉത്തരവ്.
5. സർക്കാരിന്റെ 18.01.2024-ലെ സ.ഉ.(സാധാ) നമ്പർ 34/2024/സഹ നമ്പർ ഉത്തരവ്.

മേൽ പരാമർശം (1), (2), (3), ഉത്തരവുകൾ പ്രകാരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളുടെ 25% ഹയർ ഗ്രേഡ് തസ്തികകളായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (4) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഒരു ഉദ്യോഗസ്ഥൻ ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി സർക്കാർ ഉത്തരവായ സാഹചര്യത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) തസ്തികയിൽ ഒരു ഒഴിവ് രൂപപ്പെട്ടിട്ടുണ്ട്. മേൽ ഒഴിവിൽ പരാമർശം (5) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ഏറ്റവും സീനിയർ ആയിട്ടുള്ള ചുവടെ പേര് പറയുന്ന അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാരെ 55,200 – 1,15,300/ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ഹയർ ഗ്രേഡ് അനുവദിച്ച് ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാരുടെ പേര് | 18.01.2024 സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ഹയർ ഗ്രേഡിന് പ്രാബല്യം നൽകിയ തീയതി |
|---|---|---|---|
| 1 | ശ്രീ. കൃഷ്ണകുമാർ. ബി., (PEN No. 183602) | 131 | 19.03.2025 |

അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവായതിനെ തുടർന്ന് ശമ്പളം നിർണ്ണയിച്ചു നൽകുന്നത് നിലവിലുള്ള വ്യവസ്ഥകൾക്കും അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളയുടെ അംഗീകാരത്തിനും വിധേയമായിരിക്കുന്നതാണ്.

(ഒപ്പ്)
കെ. സജീവ് കർത്താ
സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ(ജനറൽ)

വ്യക്തികൾക്ക്:(നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം , (ഉപരിപത്രം സഹിതം )
2) ഗവണ്മെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം,
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4) ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം,
5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും,
6) എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ് ) മാർക്കും,
7) ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർമാർക്ക്,
8) നോഡൽ ഓഫീസർ, ഐ.റ്റി.സെക്ഷൻ,
9) സ്റ്റോക്ക് ഫയൽ /സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)